**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur - 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org.

# നോട്ടീസ്

## കാപ്പുകുത്തക ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും എല്ലാവരുടേയും അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ

1. കൊച്ചി താലൂക്ക് കുഴുപ്പിള്ളി വില്ലേജിൽ അയ്യമ്പിള്ളി പാടത്തുള്ള ദേവസ്വം പുറമ്പോക്കു തോടുകളായ തേവർതോട്, കൊക്കനാടുതോട്, ബംബ്ലായിതോട് എന്നീ 3 തോടുകളുടേയും അവകാശം ബഹു. സുപ്രീംകോടതിയുടെ സി.എ. നമ്പർ 2312/77 ൽ 17/01/95 ൽ ഉണ്ടായ ഉത്തരവ് പ്രകാരം കൊച്ചിൻ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കയാൽ മേൽ പറഞ്ഞ തോടുകളിൽ നിന്ന് 16/11/23 മുതൽ 14/04/24 കൂടിയുള്ള കാലയളവിൽ മത്സ്യം പിടിക്കുവാനുള്ള അവകാശം സീൽഡ് ടെണ്ടർ പ്രകാരം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാകുന്നു. ടെണ്ടർ തിയ്യതി-20/10/2023, 3 മണി വരെ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. സീൽ ചെയ്ത ടെണ്ടർ അന്നേ ദിവസം 3.30 പി.എം. ന് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.
2. ടെണ്ടറിൽ പങ്കുകൊള്ളുവാനാഗ്രഹിക്കുന്നവർ ഓരോരുത്തരും 5,000/-ക യുടെ ഡി.ഡി ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ് എന്ന പേരിൽ എടുത്ത് ടെണ്ടറിനോടൊപ്പം വെക്കേണ്ടതുമാകുന്നു. അഡ്വാൻസ് സംഖ്യ ടെണ്ടറിൽ ഏറ്റവും കൂടുതൽ നിരക്ക് രേഖപ്പെടുത്തുന്ന ആളുടേതൊഴികെ മറ്റെല്ലാവർക്കും ടെണ്ടർ കഴിഞ്ഞ ഉടനെ ഡി.ഡി മടക്കിക്കൊടുക്കുന്നതുമാകുന്നു. ടെണ്ടർ ഉറപ്പിച്ചു കിട്ടുന്ന ആൾക്ക് മേൽപടി സംഖ്യ കാപ്പുകുത്തക അവകാശം അവസാനിക്കുമ്പോൾ മാത്രം ടിയാന് ബാദ്ധ്യതയുണ്ടെങ്കിൽ ആയത് തട്ടിക്കിഴിച്ച് ബാക്കി സംഖ്യ മടക്കിക്കൊടുക്കുന്നതാണ്.
3. ടെണ്ടറിൽ കൂടുതൽ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിയ്ക്ക് ടെണ്ടർ അംഗീകരിച്ചു നൽകുന്നതിന് ദേവസ്വം കമ്മീഷ്ണറുടെ വിവേചനാധികാരത്തിൽ നിക്ഷിപ്മായിരിക്കും. ഡി.ഡി വയ്ക്കാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്. ടെണ്ടർ കൊണ്ട ആൾ ടെണ്ടർ സംഖ്യയിൽ നാലിലൊന്നു സംഖ്യ അപ്പോൾതന്നെ കെട്ടിവെച്ച് രശീതി വാങ്ങിക്കേണ്ടതും ബാക്കി ടെണ്ടർ സംഖ്യ കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും സ്ഥിരപ്പെടുത്തി കല്പനയാകുന്നതിനു വിധേയമായി 13/11/2023 നു മുൻപായി അയ്യമ്പിള്ളി ദേവസ്വം ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതും, ബോർഡിൽ നിന്നു നിശ്ചയിക്കുന്ന ലേലനിബന്ധനകളും മറ്റും ഉൾക്കൊള്ളിച്ച് കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേർക്ക് മുദ്രക്കടലാസിൽ കച്ചീട്ട് എഴുതി ഒപ്പിച്ച് തരേണ്ടതുമാകുന്നു.
4. മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ദേവസ്വം വക മുൻ വിവരിച്ച തോടുകളിലെ കഴുവകളിൽ മാത്രം ആയിരിക്കുന്നതും മത്സ്യം പിടിക്കുന്നതിന് ബോർഡിന്റെ അനുവാദത്തോടു കൂടിയല്ലാതെ കൂടുതൽ തുമ്പുകൾ വെയ്പാൻ പാടില്ലാത്തതുമാകുന്നു.
5. കരാറുപ്രകാരമുള്ള അവകാശവും ബാദ്ധ്യതയും യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാനോ കീഴ്കരാറ് കൊടുപ്പാനോ പാടില്ലാത്തതുമാകുന്നു. ഇക്കാര്യത്തിൽ ബഹു.കേരള ഹൈക്കോടതിയുടെ സി.എം.പി. നമ്പർ 4144/97 ൽ 01/12/97 ൽ ഉണ്ടായ ഉത്തരവ് കർശനമായി പാലിക്കാൻ കരാറുക്കാരൻ ബാദ്ധ്യസ്ഥനാകുന്നു.
6. നിലങ്ങളിലുണ്ടാകുന്ന കന്നികൊയിത്തിനോടനുബന്ധിച്ച് ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത വിധത്തിൽ വേണ്ട ക്രമീകരണങ്ങൾ ടെണ്ടറുകാരൻ ചെയ്യേണ്ടതാകുന്നു.

7. കാപ്പുകുത്തക അവകാശം അവസാനിക്കുമ്പോൾ കാപ്പുകുത്തക ആവശ്യത്തിനുവേണ്ടി ഇടവരമ്പുകളോ തോടുകളിലെ ചാലുകളോ എവിടെയെങ്കിലും പൊട്ടിക്കുന്നതായാൽ ആയവ പൂർവ്വസ്ഥിതിയിൽ തന്നെ ബലത്തിലും വലിപ്പത്തിലും ടെണ്ടറുക്കാരന്റെ ചുമതലയിൽ ഉണ്ടാക്കേണ്ടതാണ്.

8. ഫിഷറീസ് ആക്ടിലേയും റൂളിലേയും വ്യവസ്ഥകളും മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി ബഹു.ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ടെണ്ടറുകാരൻ പാലിക്കേണ്ടതും അവയുടെ ലംഘനം ഉണ്ടായാൽ അതിൽവെച്ചുണ്ടാകുന്ന ബാദ്ധ്യതകൾക്ക് ടെണ്ടറുകാരൻ മാത്രം ഉത്തരവാദിയാകുന്നതുമാകുന്നു.

9. ടെണ്ടറുകാരൻ ടെണ്ടർ നിശ്ചയങ്ങൾക്ക് വിപരീതമായി വല്ല വീഴ്ചകളും വരുത്തിയാൽ ടിയാന്റെ കരാർ ദുർബലപ്പെടുത്തുന്നതും അതിൽവെച്ച് ഉണ്ടാകുന്ന സകല നഷ്ടങ്ങൾക്കും ടിയാനും ടിയാന്റെ സ്വത്തുക്കളും ടിയാന്റെ അഡ്വാൻസ് സംഖ്യയും ഉത്തരവാദപ്പെടുന്നതുമാകുന്നു.

10. ടെണ്ടർ യാതൊരു കാരണവും പറയാതെ നിർത്തി വെക്കുന്നതിനോ നീട്ടി വെക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

11. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ദേവസ്വം ബോർഡ് ഓഫീസ്, തിരുവഞ്ചിക്കുളം ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസ്, അയ്യമ്പിള്ളി ദേവസ്വം ഓഫീസ് എന്നിവിടങ്ങളിൽ നിന്നും www.cochindevaswomboard.org എന്ന വെബ്സൈറ്റിലും അറിയാവുന്നതാണ്.

ഒപ്പ്
ദേവസ്വം കമ്മീഷ്ണർ
കൊച്ചിൻ ദേവസ്വം ബോർഡ്